പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1811

07.03.2017-ൽ മറുപടിയ്ക്ക്

## വാഹന പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.മമ്മൂട്ടി | | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തോടുന്ന വാഹനങ്ങളെ തടഞ്ഞുനിർത്തി പരിശോധന നടത്താൻ അധികാരപ്പെട്ട സർക്കാർ വകുപ്പുകൾ ഏതെല്ലാം ; | (എ) | പോലീസ് ഡിപ്പാർട്ട്മെന്റിനും മോട്ടോർ വാഹന വകുപ്പിനും അധികാരമുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പുകളുടെ വാഹനങ്ങൾ ട്രാഫിക് നിയമലംഘനം നടത്തുന്നതും അക്കാര്യം ഉദ്യോഗസ്ഥർ പരിശോധിക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ട്രാഫിക് നിയമങ്ങൾ സർക്കാർ വാഹനങ്ങൾക്കും ഉദ്യോഗസ്ഥരുടെ സ്വകാര്യവാഹനങ്ങളുൾപ്പെടെയുള്ള എല്ലാ വാഹനങ്ങൾക്കും ഒരു പോലെ ബാധകമാക്കി നടപ്പാക്കാൻ നിർദ്ദേശം നൽകുമോ ? | (സി) | മോട്ടോർ വാഹന നിയമങ്ങളും ട്രാഫിക് നിയമങ്ങളും സർക്കാർ വാഹനങ്ങൾക്കും, മറ്റ് വാഹനങ്ങൾക്കും ഉദ്യോഗസ്ഥരുടെ സ്വകാര്യ വാഹനങ്ങൾക്കും സ്വകാര്യ വ്യക്തികളുടെ വാഹനങ്ങൾക്കും എല്ലാം ഒരു പോലെ ബാധകമാണ്. ഈ നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ